# إرشـــاد الأئـــمـــة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി: 22/06/2018.**

**വിഷയം: “ തലമുറ നഷ്ടപ്പെടാതിരിക്കാൻ ”**

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿تحريم: ٦﴾

➢ അല്ലാഹു മനുഷ്യ വർഗ്ഗത്തിന് നൽകിയ അവന്റെ നിയമസംഹിതയാണ് ഇസ്‌ലാം. ദൈവീകം എന്നത് അതിന്റെ ഏറ്റവും വലിയ യോഗ്യ തയാണ്.

وَأَنَّ هَٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ ۖ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِ ۚ ذَٰلِكُمْ وَصَّاكُم بِهِ لَعَلَّكُمْ تَتَّقُونَ﴿انعام: ١٥٣﴾

➢ മനുഷ്യരുടെ ഭൗതീകവും പാരത്രീകവുമായ വിജയത്തിന് ദീൻ അനുസ രിച്ചുള്ള ജീവിതം മുറുകെ പിടിക്കലാണ് പരിഹാരം. നബി(സ)യുടെ ദഅ്‌വത്ത് ആരംഭിച്ച ആദ്യഘട്ടത്തിൽ തന്നെ ലോകത്തോട് പറഞ്ഞത് ഇക്കാര്യമാണ്.

يَا أَيُّهَا النَّاسُ ، قُولُوا : لا إِلَهَ إِلا اللَّهُ تُفْلِحُوا وَتَمْلِكُوا بِهَا الْعَرَبَ ، وَتَذِلَّ لَكُمُ الْعَجَمُ ، وَإِذَا آمَنْتُمْ كُنْتُمْ مُلُوكًا فِي الْجَنَّةِ (ترمذي)

(= ജനങ്ങളെ ലാഇലാഹ ഇല്ലല്ലാ അംഗീകരിക്കുക, നിങ്ങൾക്ക് വിജയി ക്കാം. ലോകം നിങ്ങൾക്ക് കീഴടങ്ങും. നിങ്ങൾക്ക് മരണശേഷം സ്വർഗ്ഗ ത്തിലും രാജാക്കളായി കഴിയാം.)

ഇക്കാര്യം ഖുർ ആൻ തുടക്കം മുതൽ നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നതായി കാണാം.

أُولَٰئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿بقرة: ٥﴾

➢ ഇത് കേവല പ്രഖ്യാപനം മാത്രമല്ല. ലോകത്ത് പുലർന്ന യാഥാർത്ഥ്യമാണ്. സ്വഹാബത്തിന്റെയും മുൻഗാമികളുടെയും ചരിത്രം ഇതിന്റെ മികച്ച തെളിവാണ്.

ഉമർ(റ) ന്റെ ഖിലാഫത്ത് അവസാനിക്കുമ്പോൾ പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങൾ ഇസ്‌ലാമിക രാഷ്ട്രത്തിന്റെ കീഴിൽ വന്നിരുന്നു. റോമക്കാർ ഭരിച്ചിരുന്ന ഫലസ്തീൻ (ബൈത്തുൽമുഖദ്ദസ്) ഇസ്‌ലാമിക ഭരണത്തിലായി. അതിന്റെ വിമോചന പ്രഖ്യാപനത്തിന് ഉമർ(റ) നേരിട്ട് ഫലസ്തീനിൽ വന്നു. അന്നാണ് ചരിത്ര പ്രസിദ്ധമായ തന്റെ പ്രഭാഷണം നടത്തിയത്.

إِنَّكُمْ كُنْتُمْ أَذَلَّ النَّاسِ , وَأَحْقَرَ النَّاسِ , وَأَقَلَّ النَّاسِ , فَأَعَزَّكُمُ اللَّهُ بِالإِسْلامِ , فَمَهْمَا تَطْلُبُوا الْعِزَّ بِغَيْرِهِ يُذِلَّكُمُ اللَّهُ تَعَالَى (الترغيب والتهديب)

ഉമർ(റ)ന്റെ കാലത്ത് ഇസ്‌ലാം യൂറോപ്യൻ രാജ്യങ്ങളിൽപ്പെട്ട തുർക്കി വരെ എത്തിനിന്നു. ഇത്രവലിയ നേട്ടം കൊയ്ത ഉമർ(റ)ന്റെ ഏറ്റവും വലിയ യോഗ്യത 'നീതിമാൻ' എന്നതായിരുന്നു. അരുതായ്മയൊന്നുമില്ലാതെയാണ് ഇസ്‌ലാം ഇത്രയേറെ പ്രചരിപ്പിച്ചത്. അതുകൊണ്ടാണ് ഗാന്ധിജി ആ ഭരണം ഇന്ത്യയിൽ ഉണ്ടാകാൻ ആഗ്രഹം പറഞ്ഞത്.

ഉസ്മാൻ(റ)ന്റെ കാലമായപ്പോഴേക്കും ഇസ്‌ലാം ചൈന മുതൽ പാശ്ചാത്യ രാജ്യങ്ങൾ വരെ എത്തിനിന്നു. ഇതെല്ലാം ഖുർആനും ഹദീസും പ്രഖ്യാപിച്ച قُولوا لاِلَهَ الاَّ الله تُفلِحُوا എന്നതിന്റെ ജീവിക്കുന്ന അടയാളങ്ങളാണ്.

➢ എന്നാൽ മറ്റെല്ലാത്തിനെയും പോലെ പിൽക്കാലത്ത് ഇസ്‌ലാമിക സമൂഹത്തെയും ജീർണ്ണതകൾ ബാധിച്ചു. കിതപ്പും തളർച്ചയും അനുഭവപ്പെട്ടു. ഇരുമ്പ് തുരുമ്പെടുക്കും പോലെ. കെട്ടിക്കിടക്കുന്ന വെള്ളം അഴുക്കാകുന്നതുപോലെ. ഇത് സ്വാഭാവികം. ചെയ്യേണ്ടത് ചെയ്യാതെ ചരിത്രത്തിലേക്ക് നോക്കി ഊറ്റംകൊള്ളുന്നവർക്കുള്ള അനിവാര്യമായ തിരിച്ചടിയാണിത്. "ന്റുപ്പാപ്പക്കൊരു ആനയുണ്ടാർന്നു" എന്ന ബഷീർ കഥ പോലെ. അതുകൊണ്ട് നാം നമ്മുടെ ദൗത്യം നിർവ്വഹിക്കണം. ഇരുമ്പ് കാച്ചി എടുക്കുന്നതുപോലെ.

➢ ഉമ്മത്തിനെ സമുദ്ദരിക്കാനുള്ള മാർഗ്ഗം ദഅ്‌വത്താണ്. മറ്റുള്ളവരെ ദീനിനോട് താൽപ്പര്യവും ഇഷ്ടവും ഉള്ളവരാക്കാൻ പറ്റുന്ന പ്രവർത്തനങ്ങൾ, വാക്കുകൾ, സമീപനങ്ങൾ ഇതെല്ലാമാണ് ദഅ്‌വത്ത്.

നബി(സ)യുടെ ദഅ്‌വത്തിന്റെ ഏറ്റവും ആകർഷകമായ മുഖം അവിടുത്തെ വ്യക്തിത്വവും സമീപനവുമായിരുന്നു. അതുകഴിഞ്ഞ് മാത്രമെ പ്രമാണങ്ങളും പ്രഭാഷണവും സ്വാധീനിച്ചിട്ടുള്ളൂ. പെരുമാറ്റ സമീപനങ്ങൾ മോശമായാൽ ജനം ഇസ്‌ലാമിൽ നിന്ന് അകന്ന് പോകും.

وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ ۖ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ ۖ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ ۚ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ ﴿آل عمران: ١٥٩﴾

കേരളത്തിൽ വന്നിറങ്ങിയ ഇസ്‌ലാമിക പ്രബോധക സംഘത്തിന്റെ ജീവിതവിശുദ്ധിയും സ്വഭാവ പെരുമാറ്റങ്ങളുമാണ് ഈ നാട്ടുകാരെ ആകർഷിച്ചത്.

ഇത് ഇന്നും അങ്ങനെതന്നെയാണ്. നമ്മുടെ പരിസരങ്ങളിലും നാട്ടിലും ഉള്ള ഇതരമതവിശ്വാസികൾ ഖുർആനും ഹദീസും പഠിച്ചല്ല ഇസ്‌ലാമിനെ വിലയിരുത്തുന്നത്. നമ്മുടെ സമീപന സ്വഭാവപെരുമാറ്റങ്ങൾകണ്ടാണ്. അത് നന്നാകാത്ത കാലത്തോളം ജനങ്ങൾ ഇസ്‌ലാമിനെ വെറുക്കുകയേ ഉള്ളൂ.

➢ ദഅ്‌വത്ത് ഓരോ വിശ്വാസിയുടെയും കടമയാണ്. ഓരോരുത്തരും താന്താങ്ങളുടെ മേഖലയിൽ അത് പൂർത്തിയാക്കണം.

والْمُخَاطَبُ بِهَا كُلّ مُكَلَّفٍ (فتح المعين)

ഖുർആനും ഹദീസും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

عَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ : سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : مَنْ رَأَى مِنكُمْ مُنْكَرًا فَلْيُغَيِّرْهُ بِيَدِهِ ، فَإِنْ لَمْ يَسْتَطِعْ فَبِلِسَانِهِ ، فَإِنْ لَمْ يَسْتَطِعْ فَبِقَلْبِهِ ، وَذَلِكَ أَضْعَفُ الْإِيمَانِ (مسلم)

قُلْ هَٰذِهِ سَبِيلِي أَدْعُو إِلَى اللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا وَمَنِ اتَّبَعَنِي ۖ وَسُبْحَانَ اللَّهِ وَمَا أَنَا مِنَ الْمُشْرِكِينَ ﴿يوسف: ١٠٨﴾

➤ ഇതിൽ തന്നെ പ്രഥമ ബാധ്യത തന്റെ കുടുംബത്തിൽ, മക്കളിൽ തന്നെയാണ്. അവരുടെ ദീനി ജീവിതത്തിന് നാം ഉത്തരവാദപ്പെട്ടവരാണ്.

**يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿تحريم: ٦﴾**

**وَأْمُرْ أَهْلَكَ بِالصَّلَاةِ وَاصْطَبِرْ عَلَيْهَا ۖ لَا نَسْأَلُكَ رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ وَالْعَاقِبَةُ لِلتَّقْوَىٰ ﴿طه: ١٣٢﴾**

➤ ഇതിന്റെ പ്രായോഗിക പ്രവർത്തനരംഗമാണ് മദ്റസകൾ. നമുക്കുവേണ്ടി നമ്മുടെ ബാധ്യത മദ്റസ വഴി നാം പൂർത്തിയാക്കുന്നു.

സമുദായം കോടികൾ ചിലവഴിച്ചാണ് ഇത് നിലനിർത്തുന്നത്. കാരണം: ഇത് കൂടാതെകഴിയാത്ത അനിവാര്യ പ്രവർത്തനമാണ്. തലമുറയുടെ ദീനിബന്ധം ഇതുകൊണ്ടാണ് കരുപ്പിടിക്കുന്നത്. അവിടെ ഖുർആൻ പാരായണം ശീലിക്കുന്നു. വിശ്വാസം, കർമ്മശാസ്ത്രം, സംസ്കാരം എന്നിവ അഭ്യസിക്കുന്നു.

മദ്റസകളാണ് പള്ളികളിലേക്ക് ആളെ എത്തിക്കുന്ന സ്ഥാപനം. അതില്ലെങ്കിൽ പള്ളികൾ ഭാവിയിൽ ജനശൂന്യമാകും. തൗഹീദും ശിർക്കും അറിയാത്ത ഒരു തലമുറ വളർന്നുവരും. അന്ന് ഇസ്ലാമിനെ ആർക്കും നശിപ്പിക്കേണ്ടിവരില്ല. സ്വയം നശിച്ചിട്ടുണ്ടാകും. കാരണം ജീവനില്ലാതെ ദീൻ നിലനിൽക്കില്ല.

## العلم حيوة الاسلام

ആ രംഗത്തുള്ള പോരായ്മകൾ നികത്തണം. രക്ഷകർത്താക്കൾ ശ്രദ്ധിക്കണം. അല്ലാത്തപക്ഷം മക്കൾ കൈവിട്ടുപോയേക്കാം. അതുവഴി ദീനീ തകർച്ച മാത്രമല്ല സ്വന്തത്തിനുപോലും അവർ ഉപകരിക്കാതെ പോകും.

കൂടാതെ സമുദായത്തിന് നഷ്ടവും മാനക്കേടും വന്നേക്കാം. ഇന്ന് നമുക്ക് ചുറ്റുപാടും നടക്കുന്ന സംഭവ വികാസങ്ങൾ പാഠമാകണം.

**Δ Δ Δ**